# രസക്കുടുക്ക

(കവിതകൾ)

വിഷ്ണുനാരായണൻ നമ്പൂതിരി

## വട്ടം

വട്ടം വട്ടം

വള വട്ടം

പപ്പട വട്ടം

കുട വട്ടം

തേങ്ങാപ്പൂളി -

ന്നര വട്ടം

അമ്പിളി മാമനു

മുഴു വട്ടം .

## പൂച്ചക്കുട്ടി

പൂ.......പൂ.......പൂച്ചക്കുട്ടി

ക.........ക..........കണ്ണും പൂട്ടി

പാ.....പാ.......പാലു കുടിച്ചു

ഡിം.....ഡിം......തട്ടിമറിച്ചു

ട്ടേ........ട്ടേ.........തല്ലുകൊടുത്തു

മ്യാ......മ്യാ.....ഓടിയൊളിച്ചു.

## താലോലം

തത്തമ്മ കുഞ്ഞമ്മ

ആലോലം താലോലം

മഞ്ചാടി മയിലാഞ്ചി

ആലോലം താലോലം

ചാഞ്ഞാടി ചരിഞ്ഞാടി

ആലോലം താലോലം

ഇടത്തോട്ടും വലത്തോട്ടും

ആലോലം താലോലം

മുന്നാക്കം പിന്നാക്കം

ആലോലം താലോലം!

## പാവപ്പാട്ട്

ചിന്നക്കുട്ടീ ചിന്നക്കുട്ടീ

ശിങ്കാരക്കുട്ടീ

പാവക്കുട്ടീ പാവക്കുട്ടീ

പഞ്ചാരക്കുട്ടീ

കള്ളിക്കുട്ടീ കള്ളിക്കുട്ടീ

കല്യാണിക്കുട്ടീ

ശുണ്ഠക്കുട്ടീ ശുണ്ഠക്കുട്ടീ

സന്തോഷക്കുട്ടീ!

## പേരെന്താ?

പേരെന്താ മാളോരേ ?

പേരയ്ക്കാ പേരയ്ക്കാ

നാടേതാ നല്ലോരേ ?

നാരങ്ങ നാരങ്ങ.

കയ്യിലെന്ത് കാക്കാത്തി ?

കല്ലുമാല ശംഖുമാല

കുഴലെവിടേ കുറവത്തി ?

കൂ കൂ കൂ കൂ കൂ കൂ!

## നല്ല ശീലം

പപ്പടം കൊത്തിയ കാക്കയ്ക്ക്

കിട്ടീ കല്ലോണ്ടു രണ്ടെണ്ണം

കാ.....കാ.....കാ.....

പാത്രം തട്ടി മറിച്ചിട്ട

പത്മിനിക്കുട്ടിക്കു നാലെണ്ണം

ങീ.....ങീ.....ങീ.....

കണ്ണും ചിമ്മി പാൽ കുടിച്ച

കണ്ടൻപൂച്ചയ്ക്കു ഢിം ഢിം ഢിം

മ്യാവൂ.......മ്യാവൂ....

അപ്പുക്കുട്ടന്നു നല്ല ശീലം
അച്ഛൻ നൽകി നൂറുമുത്തം
ഹായ്.....ഹായ്.....ഹായ്.....

## ആർക്കു വേണം ?

ആർക്കു വേണം പീപ്പി ?
കുഞ്ഞിമോനു പീപ്പി.
ആർക്കു വേണം വെണ്ണ ?
അമ്പാടിക്കണ്ണനു വെണ്ണ.
ആർക്കു വേണം പാവ ?
കുഞ്ഞിമോനു പാവ.
ആർക്കു വേണം പീലി?
അമ്പാടിക്കണ്ണനു പീലി.

## കൂവളത്തില

കൂവളത്തില കുഞ്ഞില
കുനുകുനെ നല്ല കുരുന്നില
കുഞ്ഞിക്കണ്ണു കണക്കേ
ഓരില രണ്ടില മൂന്നില
നീളെ നീളെ പച്ച

നാലില അഞ്ചില ആറില
എത്ര നല്ല കാഴ്ച
എട്ടില പത്തില നൂറില
അറുത്തെടുക്കാം ഇന്നല്ലോ
അമ്പലത്തിൽ ശിവരാത്രി !

## വഞ്ചിപ്പാട്ട്

ഇല്ലിക്കമ്പു കൊണ്ടു തോണി
തെയ്തെ തകതെ തെയ്തോ
പൊണ്ണത്തടിയൻ വന്നുകേറി
തെയ്തെ തകതെ തെയ്തോ
തോണി മുങ്ങി തുഴപോയി
തെയ്തെ തകതെ തെയ്തോ
കല്ലിടിച്ചു പല്ലും പോയി
തെയ്തെ തകതെ തെയ്തോ

## വണ്ടി

കിണി കിണി കിണി കിണി വണ്ടീ
ഒറ്റച്ചക്രം മുമ്പേ
കിണി കിണി കിണി കിണി വണ്ടീ

രണ്ടു ചക്രം പിമ്പേ
കിണി കിണി കിണി കിണി വണ്ടീ
ഉണ്ണി ചവുട്ടി വരുന്നേ
കിണി കിണി കിണി കിണി വണ്ടീ
മാറി നടക്കുക ദൂരേ !

## ചോദ്യോത്തര ചക്രം

കയ്യിലെന്തേ ?
കൊച്ചു ചെപ്പ്.
ചെപ്പിലെന്തേ ?
ചെറുകാറ്റ്.
കാറ്റിലെന്തേ ?
തുളസിയില.
ഇലയിലെന്തേ ?
തുമ്പപ്പൂ.
പൂവിലെന്തേ ?
നല്ലിതള്.
ഇതളിലെന്തേ ?
കുഴിയാന.
ആനയിലെന്തേ ?

തുമ്പിക്കയ്യ്.

കയ്യിലെന്തേ ?

കൊച്ചു ചെപ്പ്.

ചെപ്പിലെന്തേ ?

## മഴ

മഴ മഴ മഴ വന്നേ

മാനം ചോരുന്നേ !

മുറ്റം കുളമായീ

മുട്ടറ്റം വെള്ളം !

എന്തൊരു രസമയ്യാ

കൊതി പറയാൻ വയ്യ

ഒരു ചെറു വഞ്ചി തരൂ

അക്കരെ പറ്റും ഞാൻ.

## വീട്

കലപില കലപില കാറ്റ്

കാറ്റിനിന്നൊരു വീട്

വീട് വയ്ക്കാനെന്തുണ്ട് ?

തുണ്ടു കല്ല് പന നാര്

നാരകത്തടി തെങ്ങോല

ഓലകെട്ടീ വീടായി

ആയില്യത്തിനു കുടിപ്പാർപ്പ്

ആർപ്പു കുരവ മുറിച്ചെണ്ട !

## പോരുന്നോ

കുഞ്ഞേ കുഞ്ഞേ പോരുന്നോ

കിഴക്കേ തൊടിയിൽ പോരുന്നോ ?

കിഴക്കേ തൊടിയിൽ എന്തുണ്ട് ?

കാവുണ്ട് കുളമുണ്ട് കാറ്റുണ്ട് !

കുഞ്ഞേ കുഞ്ഞേ പോരുന്നോ

തെക്കേ തൊടിയിൽ പോരുന്നോ ?

തെക്കേ തൊടിയിൽ എന്തുണ്ട് ?

പ്ലാവുണ്ട് പുളിയുണ്ട് മാവുണ്ട് !

കുഞ്ഞേ കുഞ്ഞേ പോരുന്നോ

പടിഞ്ഞാറേ തൊടിയിൽ പോരുന്നോ ?

പടിഞ്ഞാറേ തൊടിയിൽ എന്തുണ്ട് ?

പ്രാവുണ്ട് കുയിലുണ്ട് കിളിയുണ്ട് !

കുഞ്ഞേ കുഞ്ഞേ പോരുന്നോ

വടക്കേ തൊടിയിൽ പോരുന്നോ ?

വടക്കേ തൊടിയിൽ എന്തുണ്ട് ?
കല്ലുണ്ട് മുള്ളുണ്ട് കുണ്ടുണ്ട് !
കുഞ്ഞേ കുഞ്ഞേ പോരുന്നോ
മാനത്തേ തൊടിയിൽ പോരുന്നോ ?
മാനത്തേ തൊടിയിൽ ആരുണ്ട് ?
മഴവില്ലുണ്ട് മാമനുണ്ട് !

## എണ്ണാം

ഒന്നാം കൊമ്പിൽ പുന്നയ്ക്കാ
രണ്ടാം കൊമ്പിൽ ചുണ്ടയ്ക്കാ
മൂന്നാം കൊമ്പിൽ മുത്തങ്ങാ
നാലാം കൊമ്പിൽ നാരങ്ങാ
അഞ്ചാം കൊമ്പത്തച്ചിങ്ങാ
ആറാം കൊമ്പത്താലിൻ കാ
ഏഴാം കൊമ്പത്തു കൊട്ടടയ്ക്കാ
ഒമ്പതാം കൊമ്പത്തമ്പഴങ്ങാ
പത്താം കൊമ്പത്തു പേട്ടു തേങ്ങാ !

## വെള്ളം

അയ്യടാ മലവെള്ളം !

പൊങ്ങി വന്നൂ വെള്ളം
ആറ്റിലെത്തീ വെള്ളം
തോട്ടിലെത്തീ വെള്ളം
പാടത്തെത്തീ വെള്ളം
പറമ്പിലെത്തീ വെള്ളം
പടിക്കലെത്തീ വെള്ളം
മുറ്റത്തെത്തീ വെള്ളം
എങ്ങോട്ടൊഴുകിപ്പോയി
എന്റെ കൊച്ചു വള്ളം ?

## കൃഷി

ചിങ്ങം കന്നി തുലാമാസം
വിത്തു മുളച്ചു നാമ്പിട്ടൂ
വൃശ്ചികം ധനു തളിരിട്ടൂ
മകരം കുംഭം പൂവിട്ടൂ
മീനം മേടം കായ് കണ്ടൂ
എടവം മിഥുനം അരി മൂത്തൂ
കള്ളക്കർക്കിടം എത്തുമ്പോൾ
പള്ള നിറച്ചും തിന്നോളൂ !

## എന്തേ ?

ചെറുകാക്കേ കൂട്ടിലെന്തേ ?
ഇല്ലിക്കോലും ചപ്പിലയും.
ചെറുകുരുവീ കൊക്കിലെന്തേ ?
ചെത്തിപ്പഴവും നറുതേനും.
ചെറിയേട്ടാ മടിയിലെന്തേ ?
റബ്ബർ ബലൂണും നൂൽപ്പന്തും.
ചെറിയമ്മേ കയ്യിലെന്തേ ?
ചൂരൽക്കമ്പും പെടപെടപ്പും !

## മിഠായി തീറ്റ

വൺ ടൂ
അങ്ങാടീൽ പോകാം
ത്രീ ഫോർ
മിഠായി തിന്നാം
ഫൈവ് സിക്സ്
വയറു തിരുമ്മാം
സെവൻ എയ്റ്റ്
മരുന്നു കുടിക്കാം
നയൻ ടെൻ

കിടന്നു മയങ്ങാം.

## ചായ

ചുടുചുടു ചുടുചുടു ചായ
പാലൊഴിച്ചൂ ചായ
ആറ്റിയൂറ്റി ചായ
പതഞ്ഞു പൊന്തീ ചായ
മെല്ലേ മോന്തീ അയ്യേ
പഞ്ചസാര ഇല്ലേ ?

## മിടുക്കന്റെ ഉത്തരം

മിടുക്കനാമൊരു കുട്ടി
കുളിക്കുവാൻ പോയി
കുളക്കല്ലിലിരുന്നൊരു
കുട്ടമാക്രി ചൊല്ലി
മിടുക്കാ നീ കുളിക്കേണ്ടാ
തണുപ്പുള്ള നീറ്റിൽ
മുഖം തൊട്ടു നനച്ചിട്ടു
മടങ്ങിപ്പൊയ്ക്കൊള്ളൂ !
മിടുക്കനോ ചിരിച്ചോതീ

ചിലയ്ക്കേണ്ടാ മാക്രീ

പുലർച്ചയിൽ പുഴവെള്ളം

ഇളം ചൂടാണല്ലോ

കുളിക്കുവാൻ രസമല്ലോ

കുളിരുള്ള മഞ്ഞിൽ

തുടിച്ചു നീന്തി ഞാൻ മുങ്ങി -

ക്കുളിക്കും കണ്ടോളൂ !

## പുലരി

വെട്ടം കിഴക്കു വിരിഞ്ഞൂ കാട്ടിൽ

മൊട്ടു പതുക്കെ വിടർന്നു.

കൊച്ചനിയത്തി ഉണർന്നൂ കൂട്ടിൽ

തത്തമ്മ പാടിത്തെളിഞ്ഞു.

പുസ്തകസ്സഞ്ചി എടുത്തു സ്കൂളിൽ

കുട്ടികളെത്തിക്കഴിഞ്ഞു

മൊട്ടത്തലയൻ ഒരുത്തൻ വീട്ടിൽ

കൂർക്കം വലിച്ചു കിടന്നു !

## ചുണ്ടൻവള്ളം

പൊന്നുകൊണ്ടു

പോള ചാർത്തി

വെള്ളി കൊണ്ടു

മണി കെട്ടി

പരുന്തുപോൽ

ചുണ്ടൻ വള്ളം

പറന്നു പോയീ !.....

പമ്പയാറ്റിൽ

ഒഴുക്കേറി

പനയോളം

വെള്ളം പൊങ്ങി

അതിൻ മീതേ

ഓടി വള്ളം

തുഴഞ്ഞു കേറീ !.....

## മുത്തപ്പൻ

പേരാൽ മുത്തപ്പാ

എത്ര വയസ്സായി ?

നാമം ചൊല്ലുമ്പോൾ

താടി വിറയ്ക്കുന്നോ ?

കുത്തിയിരിക്കാനും

മുട്ടൻ വടി വേണോ ?
ആരെ കാക്കുന്നൂ
ദൂരേ നോക്കുന്നു
പെരുവഴിയോരത്തെ
പേരാൽ മുത്തപ്പാ ?

## പശുക്കിടാവ്

പൂവാലി പെറ്റൊരു
പുള്ളിക്കിടാവിനെ
കാണുവാൻ എന്തൊരു
നല്ല ചന്തം !
കൂത്താടിയെത്തുന്നു
മുട്ടിയുരുമ്മുന്നു
നാക്കിനാൽ പൂവാലി
നക്കിടുന്നു.
എത്രയും ഇഷ്ടമാ -
ണെന്നെ, അവൾ കണ്ടാൽ
കൊച്ചുമുഖം പൊക്കി
നോക്കി നിൽക്കും.
എങ്കിലും നല്ലൊരു

പേരു തോന്നുന്നില
എന്തു വിളിക്കും
ഇവളെ ഞങ്ങൾ ?

## യാത്ര

വളരെ ശ്രദ്ധിച്ചേ
വഴിയിൽ നടക്കാവൂ
ഇടതുവശം ചേർന്നേ
പെരുവഴി പോകാവൂ
നിഴലുകൾ നീങ്ങുമ്പോൾ
നിലത്തു നോക്കേണം
വെട്ടമടിക്കുമ്പോൾ
നോട്ടം താഴ്ത്തേണം
വണ്ടികൾ കൂകൂമ്പോൾ
മുൻപിൽ തെരയേണം
കുഴികൾ വിഴുങ്ങാതെ
ഒഴിഞ്ഞു കൊള്ളേണം
പതിയെ സൂക്ഷിച്ചേ
പാതകടക്കാവൂ
തെല്ലു പിഴച്ചാലോ

തടിയിതു തവിടുപൊടി !

## ഞാൻ ആര് ? (1)

ഓടിക്കേറും ഞാൻ വാതിലിലൂടെ

ചാടിക്കേറും ഞാൻ ജനലിലൂടെ

കാണില്ലെന്നെ ഒരാളും എന്റെ

കാലടിപ്പാടും കാണില്ലാ !

എല്ലാടത്തും കേറിയിറങ്ങും

എന്നാലും പിടി കിട്ടില്ലാ !

മുക്കിനും മൂലക്കും ഞാനുണ്ട്, നിങ്ങടെ

മൂക്കിനകത്തും ഞാനുണ്ടേ !

**(കാറ്റ്)**

## ഞാൻ ആര് ? (2)

നിങ്ങളെ താങ്ങി നടക്കുന്നു

കല്ലിലും മുള്ളിലും ഈ ഞങ്ങൾ.

നിങ്ങടെ കാലടി പൊള്ളാതെ

നിങ്ങടെ മുണ്ടു മുഷിയാതെ

നിങ്ങൾ അടിതെറ്റി വീഴാതെ

ഞങ്ങൾ എപ്പോഴും കാക്കുന്നു.

ഞങ്ങൾക്കിരിപ്പിടമോ കഷ്ടം
എന്നും പടിക്കു പുറത്തല്ലോ !

**(ചെരുപ്പ്)**

## ഞാൻ ആര് ? (3)

എന്നെ കാണാൻ നോക്കുന്നോൻ
തന്നെതന്നെ കാണുന്നു.
എന്നെ തൊട്ടു കളിക്കുന്നോൻ
തന്നെതൊട്ടു കളിക്കുന്നു.
എന്നെ തച്ചു പൊളിക്കുന്നോൻ
സ്വന്തം വിരലു മുറിക്കുന്നു.
എന്നോടിഷ്ടം കൂടുന്നോൻ
ചന്തം പൂണ്ടു രസിക്കുന്നു.

**(കണ്ണാടി)**

## സ്വഭാവം

അരയുമ്പോൾ കളഭം മണക്കുന്നു
എരിയുമ്പോൾ കനകം തിളങ്ങുന്നു
നുണയുമ്പോൾ വെല്ലം മതിർക്കുന്നു
പണിയുമ്പോൾ ദേഹം ഉറയ്ക്കുന്നു.

മഴയേറ്റു മണ്ണു കുളിർക്കുന്നു
തണലേറ്റു വെയിലു തണുക്കുന്നു
അറിവേറ്റു ബുദ്ധി തഴക്കുന്നു
അലിവേറ്റു ദുഖം ശമിക്കുന്നു.